(ബി) ഇതിൽ ലാഭകരമായി പ്രവർത്തിക്കുന്ന ഏതെങ്കിലും സഹകരണ സംഘങ്ങൾ ഉണ്ടോ;

(സി) ഈ സംഘങ്ങളിൽ ഇപ്പോൾ പ്രവർത്തിക്കുന്നവർ എത്ര;

(ഡി) പ്രവർത്തനം ഇല്ലാത്ത സംഘങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരങ്ങൾ നൽകുമോ;

(ഇ) കൈത്തറി സഹകരണ സംഘങ്ങൾക്ക് റിബേറ്റിനത്തിലും എം.ഡി.എ. ഇനത്തിലും എന്തു തുക കൊടുത്തു തീർക്കാനുണ്ട്; അത് എന്നത്തേയ്ക്ക് കൊടുത്തു തീർക്കുമെന്നും അറിയിക്കുമോ?

ഉത്തരം

(എ) കേരളത്തിൽ 621 പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളും 136 കൈത്തറി നെയ്ത്തു വ്യവസായ സഹകരണ സംഘങ്ങളും ഉണ്ട്.

(ബി)&(സി) വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(ഡി) പ്രവർത്തിപ്പിക്കാത്ത സംഘങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് നിലവിൽ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. എന്നാൽ പ്രവർത്തനം മന്ദീഭവിച്ച ഇൻഡസ്ട്രിയൽ സഹകരണ സംഘങ്ങൾ പ്രവർത്തനം പുനരുദ്ധരിക്കുന്നതിനു വേണ്ടി കൈത്തറി തൊഴിലാളികൾക്ക് വീട് പണിയുന്നതിലേയ്ക്ക് 15,000 രൂപ ലോണായും 10,000 രൂപ ഗ്രാന്റായും സംഘം ഒന്നിന് 10 തൊഴിലാളികൾക്ക് വീതം നൽകി വരുന്നു.

(ഇ) കൈത്തറി സഹകരണ സംഘങ്ങൾക്ക് റിബേറ്റിനത്തിൽ 6,01,60,208 രൂപയും എം.ഡി.എ. ഇനത്തിൽ 2,21,54,581 രൂപയും കൊടുത്തു തീർക്കുവാനുണ്ട്. ഇതു കൂടാതെ അപ്പക്സ് സംഘമായ ഹാന്റക്സ് റിബേറ്റിനത്തിൽ 45,98,152 രൂപയും കൊടുത്തു തീർക്കാനുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കുടിശ്ശിക കൊടുത്തു തീർക്കുന്നതാണ്.

ഖാദി യൂണിറ്റുകൾക്കുള്ള വില്പന നികുതി ആനുകൂല്യം

111 (3112)ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഖാദി ബോർഡിൽ എത്ര യൂണിറ്റുകൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ട്; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഈ യൂണിറ്റുകളിലായി ഏകദേശം എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ യൂണിറ്റുകൾക്ക് ബോർഡ് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്;

(ഡി) ഈ യൂണിറ്റുകൾക്ക് വിൽപ്പന നികുതി ഇളവ് ആനുകൂല്യം നൽകി വരുന്നുണ്ടോ; എങ്കിൽ ഏത് കാലയളവുവരെ നൽകി; പിന്നീട് നിർത്തലാക്കാൻ എന്താണ് കാരണം;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വിൽപ്പന നികുതി ഇളവ് തുടർന്ന് ലഭ്യമാക്കണമെന്ന് ബോർഡ് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഈ കാര്യത്തിലുള്ള തീരുമാനം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിൽ 20570 യൂണിറ്റുകൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

ജില്ല	യൂണിറ്റുകളുടെ എണ്ണം
തിരുവനന്തപുരം	3446
കൊല്ലം	2718
പത്തനംതിട്ട	580
ആലപ്പുഴ	1651
ഇടുക്കി	646
കോട്ടയം	2030
എറണാകുളം	1415
തൃശ്ശൂർ	1589
പാലക്കാട്	1402
മലപ്പുറം	1020
കോഴിക്കോട്	1541
വയനാട്	599
കണ്ണൂർ	1391
കാസർകോട്	417
പഴയന്നൂർ ഖാദി കേന്ദ്രം	125

(ബി) ഈ യൂണിറ്റുകളിൽ 192998 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്.

(സി) ഗ്രാമ വ്യവസായങ്ങളെ വിൽപ്പന നികുതിയിൽ നിന്നു ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ പ്രവർത്തനത്തിനാവശ്യമായ മൂലധന വായ്പയും തൊഴിൽ പരിശീലനത്തിനും ഭവനുകളുടെ തുടക്കത്തിനും ഗ്രാന്റുകളും നൽകി വരുന്നു. 1995-96 മുതൽ കൺസോർഷ്യം ബാങ്ക് ക്രഡിറ്റ് സ്കീമിൽ ഉൾപ്പെടുത്തി പ്രവർത്തനമൂലധന വായ്പയും ഇന്ററസ്റ്റ് സബ്സിഡി സ്കീമിലുള്ള ബാങ്ക് വായ്പയും നൽകി വരുന്നു.

(ഡി) ഉണ്ട്. 1/1/2000-ത്തിലെ ഓർഡിനൻസ് പ്രകാരം പത്തു ലക്ഷത്തിനു മുകളിൽ ടേൺ ഓവർ ഉള്ള യൂണിറ്റുകൾക്ക് വിൽപ്പന നികുതി ഇളവ് നൽകേണ്ടതില്ല. അതിനാൽ 1/1/2000 മുതൽ ഇങ്ങനെയുള്ള യൂണിറ്റുകൾക്ക് തൽക്കാലം നികുതി ഇളവ് നൽകുന്നില്ല.

(ഇ) 1956-ലെ ഖാദി ഗ്രാമവ്യവസായ കമ്മീഷൻ നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഖാദി-ഗ്രാമ വ്യവസായ യൂണറ്റുകളെ പൂർണ്ണമായും നികുതിയിൽ നിന്നൊഴിവാക്കുമെന്നും പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടാത്ത ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ ഓഫ് ഇൻഡ്യയുടെയും അവയുടെ അംഗീകൃത ഖാദി ആന്റ് വില്ലേജ് യൂണിറ്റുകളുടെയും

LIBRARY ARCHIVES Kerala Legislative Assembly

കേരളാ ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന്റെയും അംഗീകൃത യൂണിറ്റുകളുടെ ഉല്പന്നങ്ങളുടെ നികുതി നിരക്ക് നാലു ശതമാനമായി കുറവു ചെയ്യുമെന്നും ഈ വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

ഭൂമിയുടെ അവകാശത്തെ ചൊല്ലിയുള്ള തർക്കങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് നടപടികൾ

112 (3130)ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ അവകാശത്തെ ചൊല്ലിയുള്ള തർക്കങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ലാന്റ് ബോർഡ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) റവന്യൂ വകുപ്പ് നടപ്പാക്കുന്ന നിയമ പ്രകാരം ഉള്ള അവകാശത്തർക്കങ്ങളെക്കുറിച്ചുള്ള കേസുകൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള പരിപാടികൾ ഇതിനകം ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ശ്രീ പണ്ടാര വക, ശ്രീ പാദം, സർവ്വീസ് ഇനാം, കണ്ടു കൃഷി, കാണം എന്നീ ഇനങ്ങളിൽപ്പെട്ട ഭൂമി സംബന്ധിച്ച കേസ്സുകളും, ലാന്റ് ട്രൈബൂണൽ കേസ്സുകളും ടാർജറ്റ് നിശ്ചയിച്ച് നൽകി തീർപ്പാക്കാൻ കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്പോൾ താലൂക്ക് ലാന്റ് ബോർഡുകളിൽ തീർപ്പാക്കാതെ ബാക്കി നിൽക്കുന്ന കേസ്സുകൾ എത്രയും പെട്ടെന്ന് തീർപ്പാക്കുന്നതിനുള്ള നിർദ്ദേശം ലാന്റ് ബോർഡ് ബന്ധപ്പെട്ട ചെയർമാന്മാർക്ക് നേരിട്ട് നൽകിയിട്ടുണ്ട്. ഇതിലേയ്ക്കുള്ള ജില്ലാതല അവലോകന യോഗങ്ങളും ഇപ്പോൾ നടന്നു വരുന്നു. ഹൈക്കോടതിയിൽ തീർപ്പാകാതെ കിടക്കുന്ന കേസ്സുകൾ തീർപ്പാക്കുന്നതിലേക്ക് രണ്ട് ഗവണ്മന്റ് പ്ലീഡർമാരുടെ സേവനം ഭൂപരിഷ്കരണ കേസ്സുകൾക്കായി മാത്രം വിട്ടുകൊടുക്കുന്നതിനുള്ള നടപടിയും എടുത്തിട്ടുണ്ട്,

സി) ലാന്റ് ബോർഡ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഓരോ താലൂക്ക് ലാന്റ് ബോർഡും ഓരോ പ്രത്യേകം ചെയർമാന്റെ (ഡെപ്യൂട്ടി കളക്ടർ/ആർ.ഡി.ഒ) നിയന്ത്രണത്തിലാക്കി. ആകയാൽ തീർപ്പാകാതെ കിടക്കുന്ന കേസ്സുകളുടെ എണ്ണം കുറയ്ക്കാനും കേസ്സുകൾ എത്രയും പെട്ടെന്ന് തീർപ്പാക്കാനുമുള്ള സാഹചര്യം സംജാതമാക്കിയിട്ടുണ്ട്. കൂടാതെ ലാന്റ് ബോർഡ് നേരിട്ട് തന്നെ എല്ലാ താലൂക്ക് ലാന്റ് ബോർഡുകളുടെയും പ്രവർത്തനം ഇടക്കിടയ്ക്ക് അവലോകനം ചെയ്തു വരുന്നു. താലൂക്ക് ലാന്റ് ബോർഡ് ചെയർമാന്മാരുടെ യോഗം 13.3.2000-ൽ വിളിച്ചു ചേർത്ത് പ്രവർത്തന പുരോഗതി മന്ത്രിതലത്തിൽ അവലോകനം നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly